LIBRARY ARCHIVES Kerala Legislative Assembly

അഗ്രിസോൺ

169 (3374) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന്റെ സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കാർഷികമേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) കേരള സംസ്ഥാനത്ത് പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന് കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 'കേരള പരിപ്രേക്ഷ്യ പദ്ധതി 2030' (Kerala Perspective Plan 2030)-ൽ നിർദ്ദേശമുണ്ട്. പരിസ്ഥിതി സൗഹൃദവും സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ഉൾക്കൊള്ളുന്നതുമായ ആദായകരമായ ഒരു തൊഴിൽ എന്ന നിലയിലേക്ക് കാർഷികവൃത്തിയെ കൊണ്ടുവരിക എന്നതാണ് 2030-ലെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് സാധാരണ കർഷകരുടെ ഒരു ഉപജീവനമാർഗ്ഗമെന്നതിനുപരി മത്സരാധിഷ്ഠിത കാർഷിക രംഗത്ത് പങ്കാളിയായി വിജയം കൈവരിക്കുവാനാണ് വിഭാവന ചെയ്യുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുമെന്നും സാമ്പത്തിക വികസനം സാധ്യമാക്കുമെന്നും ആഗോളാടിസ്ഥാനത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട കണ്ടെത്തലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2030 ആകുമ്പോഴേയ്ക്കും കേരളത്തിൽ പ്രത്യേക അഗ്രിസോണുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരം സോണുകൾ കാർഷിക സംരംഭകർ സ്വന്തം നിലയിൽ സംസ്ഥാനത്തിന്റെ സഹായത്തോടെ രൂപീകരിക്കേണ്ടതാണ്. കയറ്റുമതി സാധ്യതയേയും ആഭ്യന്തര വിപണിയേയും ലക്ഷ്യമിട്ടുള്ള പ്രവർത്തനമായിരിക്കും അഗ്രിസോൺ വഴി വിഭാവന ചെയ്യുന്നത്.

GPM. 2/244/2020-31

(ബി) പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന്റെ സാധ്യതകളെ സംബന്ധിച്ച് കൃഷി വകുപ്പ് മുഖേന പഠനമൊന്നും നടത്തിയിട്ടില്ല.

(സി) പ്രത്യേക അഗ്രിസോണുകൾ കാർഷിക സംരംഭകർ സംസ്ഥാനത്തിന്റെ സഹായത്തോടെ സ്വന്തം നിലയിൽ രൂപീകരിക്കുന്നതാണ്. ആഭ്യന്തര വിപണിയെയും കയറ്റുമതി സാധ്യതയെയും ഒരുപോലെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഉത്പാദന പ്രക്രിയയാണ് ഇത്തരം സോണുകളിൽ വിഭാവന ചെയ്യുന്നത്. ഇതിലൂടെ ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് വർദ്ധിച്ച ഉത്പാദനക്ഷമതയും ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണിയും സംരംഭകർക്ക് മികച്ച വരുമാനവും സംസ്ഥാനത്തിന്റെ കാർഷിക രംഗത്തിന്റെ സാമ്പത്തിക വികസനവുമാണ് പ്രതീക്ഷിക്കുന്നത്.

കോട്ടപ്പടി ബൈപ്പാസ് നിർമ്മാണത്തിന് സാക്ഷ്യപത്രം

170 (3375) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപാസ് നിർമ്മാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം പൊളമരാമത്ത് വകുപ്പ് അസി .എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ നെൽവയൽ തണ്ണീർത്തട സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്ക് വന്നിരുന്നോ; സമിതി ഇക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു വർഷം പിന്നിട്ടിട്ടും വീണ്ടും രേഖകളുടെ കുറവ് ചൂണ്ടികാണിച്ച് കൃഷി വകുപ്പിൽ നിന്നും നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് കൃഷി വകുപ്പ് (എൻ.സി.എ) സെക്രട്ടേറിയേറ്റിലുള്ള ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സാക്ഷ്യപത്രം എന്നത്തേക്ക് നല്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly